**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി സൂര്യ രാജ് - ന് പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധി ദീർഘിപ്പിച്ച് - ഉത്തരവാകുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.114/2024/AGRI    തീയതി,തിരുവനന്തപുരം, 08-02-2024

---

പരാമർശം:-

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 15/06/2023 ലെ ADFW/7623/2022-SE1 നമ്പർ കത്ത്.
2. 17/11/2022 ലെ സ.ഉ.(സാധാ)നം.1006/2022/കൃഷി നമ്പർ സർക്കാർ ഉത്തരവ്

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളം കൃഷി അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ച ശ്രീമതി സൂര്യ രാജ് -ന് തൃശ്ശൂർ വെള്ളാണിക്കര കാർഷിക കോളേജിൽ Department of Plantation Crops & Spices ന്റെ കീഴിൽ Ph.D കോഴ്സ് ചെയ്യുന്നതിനായി 22/03/2022 മുതൽ 30/07/2023 വരെ പരാമർശം (2) പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത കോഴ്സ് പൂർത്തിയാക്കുന്നതിന് 31/07/2023 മുതൽ 31/07/2024 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷ പരാമർശം (1) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളം കൃഷി അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ച ശ്രീമതി. സൂര്യ രാജ് -ന് തൃശ്ശൂർ വെള്ളാണിക്കര കാർഷിക കോളേജിൽ Department of Plantation Crops & Spices ന്റെ കീഴിൽ Ph.D കോഴ്സ് ചെയ്യുന്നതിനായി, പരാമർശം (2) പ്രകാരം അനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി 31/07/2023 മുതൽ 31/07/2024 വരെ ശൂന്യവേതനാവധി ദീർഘിപ്പിച്ചു ഉത്തരവാകുന്നു. ടിയാൾ ജോലിയിൽ പുനഃപ്രവേശിക്കുമ്പോൾ സർവ്വീസസിൽ പുതുതായി പ്രവേശിക്കുന്നതായി കണക്കാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. സൂര്യ രാജ് (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **( AGRI-EA2/238/2022-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ